<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പതിമൂന്നാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1232 — 12.03.2015 – ൽ മറുപടിയ്ക്ക്

<u>കയർ വ്യവസായം നേരിടുന്ന പ്രതിസന്ധി</u>

| <u>ചോദ്യം</u><br>ശ്രീ.പി.കെ.ഗുരുദാസൻ | <u>ഉത്തരം</u><br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പമന്ത്രി |
|---|---|
| എ) കയർതൊഴിലാളികൾ കൂലിക്കും ജോലിക്കും വേണ്ടി നടത്തുന്ന സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) കയർ മേഖലയിലെ ഒരു വിഭാഗം തൊഴിലാളികൾ നടത്തുന്ന സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കയർ മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനും മേഖലയെ സംരക്ഷിച്ചു പോരുന്നതിനും ഉതകുന്ന ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 01/03/2014 മുതൽ 300/- രൂപയായും ഉല്പന്ന മേഖലയിലെ കുറഞ്ഞ കൂലി 01/03/2013 മുതൽ 360/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കയർപിരി, ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു. കയർ മേഖലക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുണ്ടായിരുന്ന പ ദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തി ഒരു പുതിയ പദ്ധതിക്ക് അംഗീകാരം നൽകിക്കഴിഞ്ഞു. ഈ പദ്ധതി പ്രകാരം, കയർ തൊഴിലാളികൾക്ക് തൊഴി ലും അതുവഴി മെച്ചപ്പെട്ട വരുമാനവും ലഭിക്കുന്നതിനുള്ള സാഹചര്യം ഉ ണ്ടാകുന്ന താണ്. |
| ബി) കയർ വ്യവസായം നേരിടുന്ന പ്രതിസന്ധികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | ബി) ചകിരിയുടെ അടിക്കടിയുള്ള വിലവർദ്ധനവും ദൗർലഭ്യവും, മറ്റ് തൊഴിൽ മേഖലയെ അപേക്ഷിച്ച് കയർ മേഖലയിലെ കുറഞ്ഞ കൂലിയും കാരണം നിർമ്മാണ മേഖല ഉൾപ്പെടെയുള്ള തൊഴിൽ മേഖലകളിലേക്ക് തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക് ഇവയെല്ലാം കയർ വ്യവസായം നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്. |
| സി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ; | സി) കയർ മേഖലയിൽ വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 01/03/2014 മുതൽ 300/- രൂപയായും ഉല്പന്ന |

| | |
|---|---|
| | മേഖലയിലെ കുറഞ്ഞ കൂലി 01/03/2013 മുതൽ 360/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കയർപിരി, ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു. അസംസ്കൃത വസ്തുവായ ചകിരി അവശ്യാനുസരണം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കേരളത്തിൽ ലഭ്യമാകുന്ന തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് പ്രാദേശികമായ സാഹചര്യങ്ങൾ ഉൾക്കൊണ്ട് പ്രായോഗികമായ രീതിയിൽ നടപ്പാക്കുന്നതിന് 'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും' എന്ന ഒരു പുതിയ പദ്ധതിക്കും നാളികേര വികസന ബോർഡുമായുള്ള ഒരു പ്രോജക്ടിനും അംഗീകാരം നൽകിയിട്ടുണ്ട്, ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന്റെ ഭാഗമായി കയർ സഹകരണ സംഘങ്ങൾക്ക് സബ്സിഡി നിരക്കിൽ ചകിരി ലഭ്യമാക്കാൻ കയർഫെഡിന് 2013-14 വർഷം 4,86,20,000/- രൂപ സർക്കാർ നൽകി. കയർഫെഡ് നവംബർ 2013 മുതൽ 2014 മെയ് 23 വരെ 12,04,81,802/- രൂപ വിലവരുന്ന 43710.82 ക്വിന്റലും, 06.08.2014 മുതൽ 05.09.2014 വരെ 4,35,56,658/- രൂപ വരുന്ന 16040.45 ക്വിന്റൽ ചകിരിയും സബ്സിഡി നിരക്കിൽ നൽകി. കൂടാതെ, ചകിരി ഉല്പാദക സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ഉണക്കത്തൊണ്ടും പച്ചത്തൊണ്ടും ചകിരിയാക്കാൻ കഴിയുന്ന പുതിയൊരു ഡീഫൈബറിംഗ് മെഷീൻ NCRMI വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇത് സർക്കാർ നിയന്ത്രണത്തിലുള്ള കയർ മെഷീനറി മാനുഫാക്ചറിംഗ് കമ്പനിയിലൂടെ ഉല്പാദിപ്പിച്ച് കയർ മേഖലയ്ക്ക് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ഡി) കയർ വ്യവസായം സംരക്ഷിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ? | ഡി) കയർ വ്യവസായം സംരക്ഷിക്കാൻ സാധ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. നിലവിലുള്ള വികസന പദ്ധതികൾക്കു പുറമേ കയർ മേഖലയെ സംരക്ഷിച്ചു നിലനിർത്തുന്നതിനായി മന്ത്രിസഭ അംഗീകരിച്ച താഴെ പറയുന്ന പദ്ധതികൾ 2014-16 വർഷത്തിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട് |

| | |
|---|---|
| | 1. കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിനായി തൊണ്ട് സംഭരണ പദ്ധതി പരിഷ്ക്കരിക്കും. നാളികേര വികസന ബോർഡുമായി ചേർന്ന് തൊണ്ട് സംഭരണ ഡീഫൈബറിംഗിലൂടെ ചകിരിയുടെ ലഭ്യത ഉറപ്പാക്കും.<br>2. കയർമേഖലകളിൽ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, സെമി ആട്ടോമാറ്റിക് ന്യൂമാറ്റിക് തറികൾ, വില്ലോയിംഗ് മെഷീൻ, ഇലക്ട്രോണിക് റാട്ടിന്റെ പരിഷ്കരിച്ച മോഡൽ എന്നിവ വികസിപ്പിക്കും.<br>3. കയർ ഉൽപ്പന്നങ്ങളുടെ ആഭ്യന്തര-വിദേശ വിപണികൾ ശക്തിപ്പെടുത്തുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ വിപണന ഗവേഷണ വിഭാഗം ആരംഭിക്കും.<br>4. കയർ മേഖലകളിൽ ഉൽപ്പാദനവും തൊഴിൽദിനവും വർദ്ധിപ്പിക്കുന്നതിനായി കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം നൽകും.<br>5. കയർമേഖലയിലെ തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തു ന്നതിനുമായി സംഘങ്ങൾക്ക് വർക്ക്ഷെഡ്, ടോയ്ലറ്റ്, ആധുനിക പണിസാമഗ്രികൾ എന്നിവ നൽകും.<br>6. ഫോം മാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ, കണിച്ചുകുളങ്ങരയിൽ കയർ കോമ്പോസിറ്റ് ഫാക്ടറി പ്രവർത്തനമാരംഭിക്കും. |

സെക്ഷൻ ഓഫീസർ